ഇതിന് മുന്നോടിയായി 'സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം' എന്ന പരിപാടി 2014-15-ൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഭക്ഷ്യസുരക്ഷയ്ക്കായി വിപണിയിൽ ലഭ്യമായ പച്ചക്കറികളിലെയും മാമ്പഴങ്ങളിലെയും കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് പരിശോധിക്കു ന്നതിന് കൃഷിവകപ്പും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി 'സേഫ്റ്റ് ടു ഈറ്റ്' എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു.

**കീടനാശിനിയുടെ ഉപയോഗം സംബന്ധിച്ച നയം**

**134 (2767)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാർഷിക മേഖലയിൽ കീടനാശിനികൾ ഉപയോഗിക്കുന്നതുമൂലമുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇവ മനുഷ്യന് ദോഷകരമാകുന്നതരത്തിൽ ഉപയോഗിക്കുന്നത് തടയാൻ സംവിധാനമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ജൈവകീടനാശിനികളുടെ ഉപയോഗം ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ഇ) ജൈവകീടനാശിനികളുടെ ഉല്പാദനം വിതരണം ഉപയോഗം എന്നിവയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൈവ കാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ മുഴുവനായും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ നയം. ഇത് പ്രാവർത്തികമാക്കുന്നതിന്റെ ആദ്യപടിയായി കാസർഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെട്ടിരുന്ന കീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും ഉപയോഗവും നിരോധിച്ചിട്ടുണ്ട്. ജൈവകൃഷി നയം നടപ്പിലാക്കുന്നതിന്റെ തുടർ നടപടി എന്ന നിലയിൽ വിഷവീര്യം കൂടിയതും മനുഷ്യജീവന് ഹാനികരവുമായ 14 ഇനം കീടനാശിനികൾ/കുമിൾ നാശിനികൾ/കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. ജി.ഒ. (എംഎസ്.) നമ്പർ 116/2011/കൃഷി തീയതി 7-5-2011 കൂടാതെ 17-11-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി പ്രകാരം കൃഷിയിടങ്ങളിൽ കീടനാശിനികളുടെ വിവേചനരഹിതവും അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന സർക്കാർ നിയോഗിച്ച വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങിയ വിദഗ്ധ സമിതി കാർഗോഡ് ജില്ലയിൽ എൻഡോസൾഫാന്റെ ഉപയോഗംമൂലമുണ്ടായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാന്റെ ഉപയോഗം സംസ്ഥാനത്ത് നിരോധിക്കുകയും തുടർന്ന് ചുവപ്പ്, മഞ്ഞ ലേബലുകളിലുള്ള കീടനാശിനികളുടെ ഉപയോഗം കാസർഗോഡ് ജില്ലയിൽ നിരോധിക്കുകയുമുണ്ടായി. ജൈവ കാർഷിക നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി 14 ഇനം കീട/കുമിൾ/കളനാശിനികളുടെ വിതരണവും ഉപയോഗവും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കാർബോഫുറാൻ, ഫോറേറ്റ്, മീതൈൽ പാരത്തയോൺ, മോണോക്രോട്ടോഫോസ്, മീതൈൽ ഡിമറ്റോൺ, ട്രൈഅസോഫോസ്, പ്രൊഫോനോഫോസ് എന്നീ കീടനാശിനികളും എഡിഫൻഫോസ്, ട്രൈസൈക്ലാസോൾ, ഓക്സിതയോക്യൂനോക്സ് എന്നീ കുമിൾ നാശിനികളും അനിലോഫോസ്, പാരാക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നീ കളനാശിനികളുമാണ് നിരോധിച്ചത്.

(സി) കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കൃഷി ആഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പനശാലകളിൽനിന്നും കീടനാശിനികൾ നൽകാവൂ എന്നും കുറിപ്പടിയിൽ ഏത് കീടനാശിനി എത്ര അളവിൽ ഉപയോഗിക്കണമെന്ന് വ്യക്തമാക്കിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ബോധവത്കരണ ക്ലാസ്സുകൾവഴി ഓരോ വിളയ്ക്കും ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികൾമാത്രം ശുപാർശ ചെയ്തിട്ടുള്ള അളവിൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശവും കർഷകർക്ക് നൽകിവരുന്നു.

(ഡി) ജൈവകൃഷിയുടെ ഭാഗമായി രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവ കീടനാശിനികളും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ഇ) കൃഷിവകുപ്പിന്റെകീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, വിവിധ ജില്ലകളിലെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിവവഴി ജൈവിക കീടരോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോ കാർഡ്സ്, പരാദ പ്രാണികൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവൻമുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഇവ ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കും SHG (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) പോലുള്ള ഗ്രൂപ്പുകൾക്കും നൽകിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴിയും ഇവ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

## നാളികേരത്തിന്റെ ഉൽപ്പാദനം

**135 (2768)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്നതായ സർവ്വേ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉല്പാദനം കുറഞ്ഞതിന് ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) നാളികേര വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം ബജറ്റിലൂടെ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണ് ; ഇതിൽ ഏതൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കിയിട്ടും ഉല്പാദനം കുറയുവാനിടയായതിന്റെ കാരണം പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് പരിശോധന നടത്തിയിട്ടില്ല.

(സി) 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ പറയുന്നു :